प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA
वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358

സെപ്റ്റംബർ 10, 2019

**1949 ലെ ബാങ്കിംഗ് റഗുലേഷൻ ആക്റ്റ് (എഎസിഎസ്) സെക്ഷൻ 35-A, ഒപ്പം സെക്ഷൻ 56 പ്രകാരമുള്ള നിയന്ത്രണനിർദ്ദേശങ്ങൾ, മഹാരാഷ്ട്രാ, കരാടിലെ, കരാട് ജനതാ സഹകാരി ബാങ്ക് ലിമിറ്റഡ്- കാലാവധി ദീർഘിപ്പിക്കൽ**

2017 നവംബർ -7 ലെ DCBS. CO. BSD-1/D-4/12.22.126/2017-18 നമ്പർ ഉത്തരവ് പ്രകാരം, കരാടിലെ, കരാട് ജനതാ സഹകാരി ബാങ്ക് ലിമിറ്റഡിനെ 2017 നവംബർ 9, മുതൽ ആറുമാസക്കാലക്കേയ്ക്ക് നിയന്ത്രണനിർദ്ദേശങ്ങൾക്ക് വിധേയമാക്കിയിരുന്നു. മുകളിൽ പറഞ്ഞ നിയന്ത്രണനിർദ്ദേശങ്ങളുടെ കാലാവധി കാലാകാലങ്ങളിൽ ദീർഘിപ്പിക്കുകയും, ഏറ്റവും അവസാനം 2019 മാർച്ച് 7-ലെ DCBS.CO.BSD-1/D-4/12.22.126/2018-19 നമ്പർ ഉത്തരവു പ്രകാരം, 2019 സെപ്തംബർ 9 വരെ നീട്ടുകയുംചെയ്തു.

പൊതുജനങ്ങളുടെ അറിവിലേക്കായി, ഇതിനാൽ പ്രഖ്യാപിക്കുന്നതെന്തെന്നാൽ, 1949 ലെ ബാങ്കിംഗ് റഗുലേഷൻ ആക്റ്റ് (സഹകരണ സംഘങ്ങൾക്ക് ബാധകമാം വിധം) സെക്ഷൻ 35A, സബ് സെക്ഷൻ (1), ഒപ്പം സെക്ഷൻ 56 എന്നിവ പ്രകാരം റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയിൽ നിക്ഷിപ്തമായ അധികാരം പ്രയോഗിച്ച് കരാട് ജനതാ സഹകാരി ബാങ്ക് ലിമിറ്റഡിനെതിരെ 2019 മാർച്ച് 9 നു പുറപ്പെടുവിച്ചതും, കാലാകലങ്ങളിൽ ഭേദഗതി വരുത്തിയതും, 2019 സെപ്തംബർ 9 വരെ കാലാവധി നീട്ടിയതുമായ CO. BSD-1/D-4/12.22.126/2018-19 നമ്പറിലെ ഉത്തരവ്, 2019 സെപ്തംബർ 10 മുതൽ 2020 മാർച്ച് 9 വരെ, പുനരവലോകനത്തിനുവിധേയമായി, തുടർന്നും ബാധകമായിരിക്കുമെന്നാണ്, 2019 സെപ്തംബർ 5 ലെ DCBR.CO.AID/No.D-13/12.22.126/2019-20 ഉത്തരവു പ്രകാരമാണ് മുകളിൽ പറഞ്ഞ പ്രകാരം ദീർഘിപ്പിച്ചിട്ടുള്ളത്. പരാമർശിതമായ നിർദ്ദേശങ്ങളിലെ മറ്റെല്ലാ വ്യവസ്ഥകളും മാറ്റമില്ലാതെതുടരും.

മുകളിൽ പറഞ്ഞ ദീർഘിപ്പിക്കൽ പ്രഖ്യാപിക്കുന്ന 2019 സെപ്തംബർ 5 -ലെ ഉത്തരവിന്റെ ഒരു കോപ്പി പൊതുജനങ്ങൾവായിച്ചറിയുവാനായി ബാങ്ക് മന്ദിരത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

മുകളിൽ പറഞ്ഞ ദീർഘിപ്പിക്കലും, ഭേദഗതികളും മൂലം, റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയ്ക്ക്, സഹകരണ ബാങ്കിന്റെ സാമ്പത്തിക നിലയിൽ കാര്യമായ മെച്ചപ്പെടൽ ഉണ്ടായിട്ടുള്ളതായി ബോദ്ധ്യപ്പെട്ടുവെന്ന് കരുതേണ്ടതില്ല.

യോഗേഷ് ദയാൽ
ചീഫ് ജനറൽ മാനേജർ

**പ്രസ്സ് റിലീസ് 2019-2020/658**